## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 383** — **27.09. 2016 ൽ മറുപടിക്ക്**

### കെ.എസ്.ഇ.ബി.ഈടാക്കുന്ന അമിത സർവ്വീസ് ചാർജ്ജ്

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ATM കാർഡുപയോഗിച്ച് ഓൺലൈൻ മുഖേന കെ.എസ്.ഇ.ബി-യിൽ കറണ്ടുചാർജിന് പണം അടയ്ക്കുന്ന-വരിൽ നിന്നും സർവ്വീസ് ചാർജിന്റെ പേരിൽ അധികമായി പണം ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരി-ക്കുമോ;<br><br>(ബി) ഉപഭോക്താവിന്റെ സമ്മതമി-ല്ലാതെ ഈടാക്കുന്ന ഇത്തരം അമിത സർവ്വീസ് ചാർജ്ജ് നിർത്തൽ ചെയ്യുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകാമോ? | (എ)&(ബി) ഉണ്ട്. എ.ടി.എം/ഡബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിച്ച് ഓൺലൈൻ വഴി കറന്റ് ചാർജ് അടയ്ക്കുന്നവരിൽനിന്നും സർവ്വീസ് ചാർജിന്റെ പേരിൽ അധികമായി കെ.എസ്.ഇ.ബി. ചാർജ്ജ് ഈടാക്കുന്നില്ല. എ.ടി.എം/ഡബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന കറന്റ് ചാർജ് ഓൺലൈനായി അടയ്ക്കുന്നവർക്ക് പേമെൻറ് ഗേറ്റ് വേ സേവനദാതാവിന് നിയമപ്രകാരം അനുവദിച്ച സർവ്വീസ് ചാർജ്ജുകൾ മാത്രമേ ഉപഭോക്താവ് നൽകേണ്ടതുള്ളൂ. പേമെൻറ് ഗേറ്റ് വേ സേവനദാതാക്കൾ അവർ നൽകുന്ന സേവനത്തിന്റെ ഭാഗമായി ഉപഭോക്താക്കളുടെ കയ്യിൽനിന്നും നിയമവിധേയമായ കൺവീനിയൻസ് ചാർജ് മാത്രമേ ഈടാക്കുന്നുള്ളൂ. ഉപഭോക്താക്കൾക്ക് ഇത്തരം സേവനങ്ങൾ ഓപ്ഷണലായി മാത്രമാണ് നൽകിയിട്ടുള്ളത്. ഉപഭോക്താക്കൾക്ക് വൈദ്യുതി ബോർഡിന്റെ ഏതെങ്കിലും കൗണ്ടറിലോ ഡയറക്റ്റ് നെറ്റ് ബാങ്കിംങ് നടപ്പിലാക്കിയിട്ടുള്ള മറ്റ് ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയോ സർവ്വീസ് ചാർജ്ജ് ഇല്ലാതെ തന്നെ പണമടയ്ക്കുവാനുള്ള സൗകര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ